എഫ്.സി.ഐ. ഈടാക്കുന്ന വാറ്റ് നികുതി തിരിച്ചുനൽകാൻ നടപടി

71 (4422) ശ്രീ. പി. എം. എ. സലാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ.എ.വൈ. പ്രകാരം റേഷൻ ഷോപ്പുകളിലൂടെ വിതരണം ചെയ്യുന്ന അരിക്ക് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ മൊത്ത വ്യാപാരികളിൽ നിന്നും വസൂലാക്കുന്ന വാറ്റ് നികുതി വ്യാപാരികൾക്ക് വർഷങ്ങളായി തിരിച്ചു നൽകിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് തിരിച്ചു നൽകുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ;

(സി) ഇപ്രകാരം എത്ര വർഷത്തെ വാറ്റ് നികുതി തിരിച്ചു നൽകാനുണ്ടെന്നും, അത് മൊത്തം എത്ര തുകയാണെന്നും അറിയിക്കുമോ ?

ഉത്തരം

(എ - സി) കേരള മൂല്യവർദ്ധിത നികുതി നിയമം 6 (7) (എ) പ്രകാരമുള്ള നികുതി ഒഴിവ് റേഷൻ ഷോപ്പുകളിലൂടെയുള്ള വിൽപ്പനയ്ക്കു മാത്രമേയുള്ളൂ. മൊത്തവ്യാപാരികൾക്ക് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ നടത്തുന്ന വിൽപ്പനയ്ക്ക് മൂല്യവർദ്ധിത നികുതി ബാധകമാണ്. ആയതിനാൽ റീഫണ്ടിന് അർഹതയില്ല.

കൊച്ചി താലൂക്കിൽ പുതുതായി അനുവദിച്ച റേഷൻ കടകൾ

72 (4423) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി താലൂക്കിൽ കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ പുതുതായി റേഷൻ കടകൾ അനുവദിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊച്ചി താലൂക്കിൽ പുതുതായി റേഷൻ കടകൾ ഒന്നും അനുവദിച്ചിട്ടില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly